പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

(ബി) നരേന്ദ്രൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ മതിയായ പ്രാതിനിധ്യം ലഭിക്കാത്ത പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കണക്കുകൾ നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി ആന്റ് ഡി) പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. സുപ്രീം കോടതിയിൽ കേസ് നിലവിൽ ഉള്ളതു കൊണ്ടും അതുകാരണം നിയമ പ്രശ്നങ്ങൾ ഉണ്ടെന്നതും പരിഗണിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

മാലിന്യ നിർമ്മാർജ്ജനം

*23 [23] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഫലപ്രദമായി തടയുന്നതിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിൽ മാലിന്യങ്ങൾ കൃത്യമായി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) ഉണ്ട്.

(ബി) മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലല്ലാതെ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340-ാം വകുപ്പ് പ്രകാരം നിരോധിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരെയോ നിക്ഷേപിക്കാൻ കാരണമാകുന്നവരെയോ അപ്പോൾതന്നെ 250 രൂപ വരെ പിഴ ഈടാക്കാൻ മുനിസിപ്പൽ സെക്രട്ടറിയ്ക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) 2000-മാണ്ടിലെ മുനിസിപ്പൽ ലഘുമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-3-2004-ലെ സർക്കാർ ഉത്തരവ് നം. 40/2004/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയോജിത ലഘുമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും ടി പ്രക്രിയ ത്വരിതപ്പെടുന്നതിനുമായി സർക്കാർ ക്ലീൻ കേരള മിഷൻ രൂപീകരിച്ചു. പ്രസ്തുത മിഷൻ മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു വരുന്നു.

പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

*24 [24] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതുതായി പഞ്ചായത്തുകൾ രൂപീകരിക്കുകയാണെങ്കിൽ വാർഡുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ വാർഡുകളുടെ എണ്ണം ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യ കണക്കിലെടുത്ത് പത്തിൽ കുറയാതെയും 20-ൽ അധികരിക്കാതെയും പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് നിർണ്ണയിച്ചു വന്നിരുന്നത്. എന്നാൽ സെൻസസ് റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ഓരോ വാർഡിലെയും ജനസംഖ്യ വർദ്ധിക്കുന്നതിന് കാരണമാകുന്നു. ഓരോ വാർഡിലേയും വോട്ടർമാരുടെ എണ്ണം ക്രമാതീതമായി കൂടാതിരിക്കുന്നതിനു വേണ്ടി കേരള പഞ്ചായത്ത് രാജ് ആക്ടിലെ 6 (3) വകുപ്പ് കേരള മുനിസിപ്പാലിറ്റി